(1)	(2)	(3)	(4)	(5)	(6)	(7)	(8)
പാലക്കാട്	ഇല്ല	..	..	..	..	..	..
മലപ്പുറം	ഇല്ല	..	..	..	..	..	..
കോഴിക്കോട്	ഇല്ല	..	..	..	..	..	..
വയനാട്	ഇല്ല	..	..	..	..	..	..
കണ്ണൂർ	12	11	4	3	ഇല്ല	ഇല്ല	2
കാസർഗോഡ്	ഇല്ല	..	..	..	..	..	..

അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത

83 [5743] ശ്രീ. എൻ. ഡി. അപ്പച്ചൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എ. കെ. മണി:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് തുല്യമാണോ;

(ബി) അല്ലാത്തപക്ഷം അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് തുല്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അത് ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് തുല്യമാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

എസ്. എസ്. എൽ. സി. പരീക്ഷാ ഫലം

84 [5744] ശ്രീ. എ. സുജനപാൽ:
ശ്രീമതി മേഴ്സി രവി:
ശ്രീ. എൻ. ശക്തൻ:
„ ടി. യു. രാധാകൃഷ്ണൻ:
„ ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ വർഷത്തെ എസ്. എസ്. എൽ. സി. പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചതെന്നാണ്;

(ബി) പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതിന് മുൻപായി തന്നെ റിസൾട്ട് ചോരുകയുണ്ടായോ;

(സി) ഏതെല്ലാം സ്കൂളുകളെ സംബന്ധിക്കുന്ന റിസൾട്ടുകളാണ് ചോർന്നത് എന്നും അത് സംഭവിച്ചതെപ്രകാരമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മേയ് മാസം 15-ാം തീയതി.

(ബി) ഇല്ല.

(സി) ബി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മോഡറേഷൻ സമ്പ്രദായം

85 [5745] ശ്രീ. ഡി. സുഗതൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. കെ. മുഹമ്മദാലി:
,, എ. സുജനപാൽ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ എത്ര ശതമാനം കുട്ടികൾ പാസ്സായി;

(ബി) മോഡറേഷൻ ഇല്ലാതെ ഓരോ വിഷയത്തിനും എത്ര ശതമാനം കുട്ടികൾ വീതം പാസ്സായി;

(സി) മോഡറേഷനോടു കൂടി ഓരോ വിഷയത്തിനും എത്ര ശതമാനം കുട്ടികൾ വീതം പാസ്സായി;

(ഡി) മോഡറേഷൻ സമ്പ്രദായം വേണ്ടെന്നു വയ്ക്കാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 62.37% കുട്ടികൾ പാസ്സായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly